5865

നമ്പർ. എ1/1300 (2)/19/ടിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട്, പി.ഒ.
തിരുവനന്തപുരം-23 തീയതി: 21/08/2019.
ഫോൺ നം. 0471 2450027
textbookofficer@gmail.com.

പാഠപുസ്തക ആഫീസർ
തിരുവനന്തപുരം

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും /
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - ഒന്നാം വാല്യം പാഠപുസ്തകവിതരണം മഴക്കെടുതി കാരണവും പ്രകൃതിക്ഷോഭം മൂലവും പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് നൽകുന്നത് സംബന്ധിച്ച്:-

സൂചന : 13.08.2019 ലെ ഈ ആഫീസിലെ കത്ത്.

കനത്ത മഴ കാരണത്താലും വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭം മൂലവും പല ജില്ല കളിലും വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ സർക്കാർ/എയിഡഡ് മേഖലകൾക്ക് പുറമേ അംഗീകൃത അൺ എയിഡഡ് മേഖല യിലെ വിദ്യാർത്ഥികളുടേയും പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടുപോയതായും റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടുണ്ട്. ഇത്തരം സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ നൽകുന്നതിനു വേണ്ടി അതാത് സ്കൂളധികൃതർ നഷ്ടപ്പെട്ട പാഠപുസ്തകങ്ങളുടെ കണക്ക് രേഖപ്പെടുത്തിയ കത്തിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ / ഉപജില്ലാ ആഫീസർമാരുടെ പരിശോധ നയ്ക്കുശേഷം മേലൊപ്പോടു കൂടി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിച്ച് പാഠപുസ്തകങ്ങൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകേണ്ടതാണ്. അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ടി സ്കൂളുകൾ സമർപ്പിക്കുന്ന കത്തുകൾ പരിശോധിച്ച് അതാത് വിദ്യാഭ്യാസ ആഫീസർമാരുടെ മേലൊപ്പുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം പാഠപുസ്തകങ്ങൾ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ജി.എസ്.

ജി. വി. ഓഫീസുടെ ഉത്തരവുത്ത് നം. എ1-5865/19 തീയതി /9/19
പകർപ്പ് അറിവിലേക്കും തുടർ നടപടി
കൾക്കുമായും നൽകുന്നു.
സ്വീകർത്താവ്
എല്ലാ പ്രധാന അദ്ധ്യാപകർക്കും
ജി. വി. ഒ
ഉത്തർ